പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.909 28/04/2017-ൽ മറുപടിക്ക്

## പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർ

**ചോദ്യം**

ശ്രീ. പി.കെ ബഷീർ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ പുനർവിന്യസിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും 2016 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എ) ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർക്ക് 2016 ജൂൺ, ജൂലൈ മാസത്തിലെ ശമ്പളം നല്കിയിട്ടില്ല. 2016 ആഗസ്റ്റ് മാസത്തിലെ ശമ്പളവും തുടർന്ന് പുനർവിന്യസിക്കപ്പെട്ട തീയതി മുതലുള്ള ശമ്പളവും നൽകിയിട്ടുണ്ട്. പുനർവിന്യാസം വരെയുള്ള കാലയളവ് 29-1-2016 ലെ സ.ഉ (പി) നമ്പർ 29/2016/പൊവിവ പ്രകാരം അവധിയായി ക്രമീകരിക്കണം എന്ന വ്യവസ്ഥയിൽ സംരക്ഷിതാദ്ധ്യാപകർക്ക് 8/2016 ലെ ശമ്പളം മുൻകൂറായി നൽകാൻ 31-8-2016 ലെ സ.ഉ (പി) നമ്പർ 148/2016/പൊവിവ നമ്പർ ഉത്തരവിലൂടെ നിർദ്ദേശിച്ചു. ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ സംരക്ഷിതാദ്ധ്യാപകരാരും (ഹൈസ്കൂൾ) തസ്തിക നഷ്ടമായി പുറത്തുനിന്ന കാലയളവ് അവധി/ ശൂന്യവേതനാവധിയായി ക്രമീകരിച്ചിട്ടില്ലാത്തതിനാലാണ് അവർക്ക് 2016 ജൂൺ മുതൽ പുനർവിന്യാസം വരെയുള്ള കാലയളവിലെ ശമ്പളം നൽകാത്തത്.

(ബി) പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളത്തിന് അർഹതയില്ലാത്ത കാലയളവ് ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവയ്ക്ക് പരിഗണിക്കുമോയെന്നു വ്യക്തമാക്കാമോ;

(ബി) പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകർ തസ്തിക നഷ്ടമായി പുറത്തുനിന്ന കാലയളവ് അവധിയായി ക്രമീകരിക്കുന്ന മുറയ്ക്ക് ടി കാലയളവ് ഇൻക്രിമെന്റിനും, ഗ്രേഡിനും പരിഗണിക്കുന്നതാണ്.

(സി) ഇല്ലെങ്കിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ ഏതെങ്കിലും അദ്ധ്യാപകർക്ക് ശമ്പളത്തിന് അർഹതയില്ലാത്ത കാലയളവ് കണക്കാക്കി ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി) ഉണ്ട്. പ്രധാനാദ്ധ്യാപിക തെറ്റായി അനുവദിച്ച നൽകിയ ഇൻക്രിമെന്റ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള പരിശോധനയിൽ കണ്ടെത്തി ഒഴിവാക്കി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ